## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589 — 29.06.2011—ൽ മറുപടിക്ക്

### ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി പദ്ധതിയൽ ആദ്യ ഘട്ടത്തിൽ എത്ര പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നത്; അായതിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) ജലനിധി ഒന്നാം ഘട്ട പദ്ധതിയിൽ 112 ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിരുന്നത്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽപ്പെട്ട പഞ്ചായത്തുകൾ ജലനിധിയിൽ ഉൾപ്പെട്ടിട്ടില്ല. |
| (ബി) മണ്ഡലത്തിലെ ശേഷിക്കുന്ന പഞ്ചായത്തുകളെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പഞ്ചായത്തുകൾ അപേക്ഷ നൽകേണ്ടതുണ്ട്. അപേക്ഷ നൽകുന്ന പഞ്ചായത്തുകളെ ലോകബാങ്ക് നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരമാണ് തെരഞ്ഞെടുക്കുന്നത്. |
| (സി) രണ്ടാം ഘട്ട പദ്ധതിക്കായി എത്ര തുകയാണ് ലഭ്യമാക്കുകയെന്നും എത്ര പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ? | (സി) ഉദ്ദേശം 1200 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽതുക. 241 ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ